TB Movie Panel Weekly Review

**#moviepanel**

സൗദി വെള്ളക്ക

എഴുതിയത് : Sreelesh S Kumar

കൊച്ചിയിൽ തമ്മനത്തിനടുത്ത് മട്ടാഞ്ചേരി പോലീസ് സ്റ്റേഷന്റെ പരിധിയിൽ സൗദി എന്നൊരു പ്രദേശമുണ്ട്. അവിടെ ആയിഷാ ബീവിയെന്നൊരു അമ്മയുണ്ട്. അവർക്കൊരു മോനുമുണ്ട്. തലച്ചോറു കൊണ്ടാരേയും സ്നേഹിക്കാനറിയാത്ത , ഹൃദയം കൊണ്ടു മാത്രം സ്നേഹിക്കാനറിയുന്ന സത്താർ. അയാൾക്കൊരു കൂട്ടുകാരനുണ്ട്. ബ്രിട്ടോ. സത്താറിന്റെയും ബ്രിട്ടോയുടെയും വീടിന് ഏറെ ദൂരെയല്ലാതെയാണ് ശശിധരനും കുടുംബവും താമസിക്കുന്നത്.

ശശിധരന്റെ മകൻ അഭിലാഷ് ശശിധരൻ ആയിഷാമ്മയുടെ വീടിനയൽപ്പക്കത്ത് രണ്ടായിരത്തി അഞ്ചിൽ ട്യൂഷൻ പഠിക്കാൻ വരുന്നയിടത്ത് നിന്ന് തുടങ്ങുന്ന സൗദിക്കഥ അവസാനിക്കുന്നത് രണ്ടായിരത്തി പത്തൊൻപതിലാണ്. പതിനാല് കൊല്ലങ്ങൾ നീണ്ടു നിൽക്കുന്ന കോടതി വ്യവഹാരങ്ങൾ. ഇന്ത്യയിലെ വിവിധ കോടതികളിലായി വിധി കാത്ത് കെട്ടിക്കിടക്കുന്ന നാൽപ്പത്തിയേഴ് ദശലക്ഷം കേസുകളിൽ താരതമ്യേന നിസ്സാരമായ ഒന്നായിരുന്നു സൗദിയിലെ വെള്ളക്ക കേസ്. നീണ്ടു പോകുന്ന കോടതി വ്യവഹാരങ്ങൾ അതിലുൾപ്പെട്ടു പോകുന്ന മനുഷ്യരുടെ ജീവിതത്തെ കോടതി വരാന്തയിൽ തളക്കുന്നതെങ്ങനെയെന്ന് നാട്ടിൽ സാധാരണയായി കാണാത്തവരൊന്നുമല്ലല്ലോ നമ്മൾ ?

പറയുന്നത് ഇത്തരത്തിൽ കനപ്പെട്ട , ഗൗരവകരമായ കാര്യങ്ങളൊക്കയാണെങ്കിലും സൗദി വെള്ളക്ക ഹൃദയം കൊണ്ടു മാത്രമേ നിങ്ങൾക്ക് കണ്ടു തീർക്കാനാകൂ. അത്രയ്ക്ക് സരസമാണ് കഥ പറച്ചിൽ.

സ്ക്രീനിൽ കാണാൻ പോകുന്ന മുഴുവനാളുകൾക്കും നിങ്ങൾ ഒരു തവണയെങ്കിലും ജീവിതത്തിൽ കണ്ടു മറന്നിട്ടുള്ള ആരുടെയെങ്കിലും ഛായ ഉണ്ടാകും. ചിത്രത്തിലെ ഒന്നിലധികം കഥാപാത്രങ്ങളുമായി സന്ധിയില്ലാത്ത വിധം വൈകാരിക ബന്ധത്തിലാകേണ്ടിവരും നിങ്ങൾക്ക് . അയിഷാമ്മയുടെയും സത്താറിന്റെയും കോമ്പിനേഷൻ സീനുകളിലെവിടെയെങ്കിലും ഉള്ള് കലക്കേണ്ടിവരും. ബ്രിട്ടോയ്ക്ക് നമ്മുടെ ഏറ്റവും പ്രിയപ്പെട്ടവന്റെ മുഖമാണല്ലോയെന്ന് തോന്നിപ്പോകും. അത്രകണ്ട് വൈകാരികമായി കെട്ടു പിണഞ്ഞതാണ് ചിത്രത്തിലെ മിക്ക കഥാപാത്രങ്ങളുടേയും ബന്ധങ്ങൾ . അതിൽ നിന്നെല്ലാം ഒഴിഞ്ഞ് നിന്ന് സിനിമാസ്വാദകൻ മാത്രമായി പടം കണ്ട് തീർക്കാൻ ശരിക്കും കഠിന

ഹൃദയരാകേണ്ടിവരും.

അക്ഷരാർത്ഥത്തിൽ സംവിധായകന്റെ സിനിമയാണ് സൗദി വെള്ളക്ക. ഓപ്പറേഷൻ ജാവയ്ക്ക് ശേഷമുള്ള തരുൺ മൂർത്തി ചിത്രം. എഴുത്തിലോ , സംവിധാനത്തിലോ യഥാക്രമം ഒരു സംഭാഷണമോ, ഷോട്ടോ പോലും കൈവിട്ട് പോകാതെ പഴുതുകളില്ലാത്ത വിധം അടക്കത്തിൽ ചെയ്തു വെച്ചിരിക്കുന്ന പടം.

ആയിഷാമ്മയാകുന്ന ദേവി വർമ്മ, സത്താറാകുന്ന സുജിത് ശങ്കർ , ബിനു പപ്പു , ലുക് മാൻ , ധന്യ, രമ്യ സുരേഷ്, ഗോകുലൻ എന്നിങ്ങനെ അസാമാന്യ പ്രതിഭകളായ ആർട്ടിസ്റ്റുകളുടെ താരബാഹുല്യമാണ് പടത്തിന്റെ കാസ്റ്റ് ലിസ്റ്റിൽ. ഏറ്റവും കുറഞ്ഞത് ആയിഷാമ്മയെയും , ബ്രിട്ടോയെയുമെങ്കിലും തീയേറ്ററിലുപേക്ഷിച്ച് പോരാൻ നിങ്ങൾക്കാകില്ലെന്നുറപ്പാണ്.

ലോകകപ്പ് ഫുട്ബോൾ നോക്കൗട്ട് റൗണ്ടിലെത്തി നിൽക്കേ, മറുവശത്ത് വലിയ ബാനർ ചിത്രങ്ങളുടെ തീയേറ്റർ റിലീസുകളോടൊപ്പം സൗദി വെള്ളക്കയെ തീയേറ്ററിലേക്കിറക്കി വിടാൻ ധൈര്യം കാട്ടിയ സംവിധായകന്റെ ആദ്യ രണ്ടു ചിത്രങ്ങളുടേയും കടുത്ത ആരാധകനായതിനാൽ തന്നെ ഇങ്ങനെ പറഞ്ഞു നിർത്താനാഗ്രഹിക്കുന്നു :

നിങ്ങളേത് തരം സിനിമാ ആസ്വാദകനുമായിക്കൊള്ളട്ടേ ;
തീയേറ്ററിൽ പോയി മലയാള സിനിമ ആസ്വദിക്കുന്ന ശീലമുള്ള ആളാണെങ്കിൽ ധൈര്യമായി ഈ പടത്തിനും ടിക്കറ്റെടുത്തോളൂ.
വീട്ടുകാരെയോ കൂട്ടുകാരെയോ ഒപ്പം കൂട്ടിക്കൊള്ളൂ..
അഥവാ, നിങ്ങളിനി തീർത്തും വേറൊരു തരം ഴോണറിലുള്ള സിനിമ ആസ്വാദകൻ മാത്രമാണെങ്കിൽ പോലും, ശരാശരി എന്നതിൽ താഴേക്കൊരു സിനിമാനുഭവമാകില്ലാ സൗദി വെള്ളക്കയെന്നുറപ്പാണ് !

കാരണം, ഹൃദയം കൊണ്ടല്ലാതെ,
തലച്ചോറ് മാത്രം കൊണ്ട് ഈ സിനിമ കണ്ടു തീർക്കൽ അത്ര എളുപ്പമാകില്ല !!